**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3450** **12-03-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിൽ കൃഷിഭവനുകൾ മുഖേന നടീൽ വസ്തുക്കളുടെ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് വിവിധ കൃഷി ഭവനുകൾ വഴി നടീൽ വസ്തുക്കൾ, കാർഷികോല്പാദന ഉപാധികൾ എന്നിവ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ തിരുവനന്തപുരം ജില്ലയിലെ വിവിധ കൃഷിഭവനുകൾ മുഖേന ഇത്തരം പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ നൽകാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് വിവിധ കൃഷിഭവനുകൾ വഴി നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>കുരുമുളക് കൃഷി വ്യാപനം, കുരുമുളക് കൃഷി പുനരുദ്ധാരണം, പ്ലാവ്, മാവ്, റമ്പൂട്ടാൻ, ഡ്രാഗൺ ഫ്രൂട്ട്, ടിഷ്യുകൾച്ചർ വാഴ, പപ്പായ, കൊക്കോ, ജാതി, ഗ്രാമ്പൂ മുതലായ വിളകളുടെ വിസ്തൃതി വ്യാപനം പദ്ധതി വഴി വിവിധ നടീൽ വസ്തുക്കൾ വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ ഒരുകോടി ഫലവൃക്ഷതൈ വിതരണ പദ്ധതി വഴി കുടമ്പുളി, മാവ്, പ്ലാവ്, റമ്പൂട്ടാൻ, സപ്പോട്ട, പേര, ചാമ്പ, ടിഷ്യുകൾച്ചർ വാഴ, ആത്ത, ഡ്രാഗൺപഴം, മാങ്കോസ്റ്റീൻ, പപ്പായ, പാഷൻ ഫ്രൂട്ട്, പുളി, നെല്ലി, മാതളം മുതലായ ഫലവൃക്ഷങ്ങളുടെ തൈകളും ഗ്രാഫ്റ്റുകളും, ലേയറുകളും വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം–1**-ൽ നൽകിയിരിക്കുന്നു.<br><br>പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ നടീൽ വസ്തുക്കളും കാർഷികോൽപ്പാദനോപാധികളും വിതരണം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ വിവിധ കൃഷിഭവനുകളിലൂടെ പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ **അനുബന്ധം–2**-ൽ ചേർക്കുന്നു.<br><br>കോക്കനട്ട് കൗൺസിൽ പദ്ധതി പ്രകാരം കൃഷിഭവനുകൾ മുഖേന നൽകിയ തെങ്ങിൻതൈകളുടെ വിശദവിവരം **അനുബന്ധം–3**-ൽ ചേർക്കുന്നു.<br><br>വിസ്തൃതി വിപുലീകരണ പ്രവർത്തനങ്ങൾ, സുസ്ഥിര നെൽകൃഷി വികസനം ലക്ഷ്യമിട്ട് ഉല്പാദനോപാധികൾക്കുള്ള സഹായം, കൂട്ടുകൃഷി പ്രവർത്തനങ്ങൾക്കുള്ള പിന്തുണ, നെൽ വയൽ |

| | | | |
|---|---|---|---|
| | | | ഉടമകൾക്ക് റോയൽറ്റി എന്നിവയിലൂടെ കൃഷി വികസനം ലക്ഷ്യമിടുന്നു.<br><br>നെല്ല് വികസന പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെല്ല് വിത്ത്, കുമ്മായം, സെക്കന്ററി ആൻഡ് മൈക്രോ ന്യൂട്രിയന്റ്സ്, പൾസ് സീഡ്, മില്ലറ്റ് സീഡ് എന്നിവ സംബന്ധിച്ച വിവരം **അനുബന്ധം–4**-ൽ ചേർക്കുന്നു.<br><br>തിരുവനന്തപുരം ജില്ലയിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തിരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ കൃഷിഭവനുകൾ വഴി നടീൽ വസ്തുക്കൾ വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം–5**-ൽ ചേർക്കുന്നു.<br><br>തിരുവനന്തപുരം ജില്ലയിൽ വി.എഫ്.പി.സി.കെ. മുഖേന വിതരണം ചെയ്ത പച്ചക്കറി വിത്തു പായ്ക്കറ്റുകൾ, തൈകൾ എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം-6**-ൽ ചേർക്കുന്നു. |
| (ബി) | ഇപ്രകാരം നടീൽ വസ്തുക്കളുടെ സംഭരണം നടത്താൻ ചുമതലപ്പെടുത്തിയ ഏജൻസികൾ ഏതൊക്കെയെന്നും ഇവയെ തെരഞ്ഞെടുത്തതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കയെന്നും വ്യക്തമാക്കുമോ; തിരുവനന്തപുരം ജില്ലയിൽ ഇപ്രകാരം തെരഞ്ഞെടുത്ത ഏജൻസികൾ സംഭരണവും വിതരണവും നടത്തിയിരുന്നോ; വിശദമാക്കുമോ; | (ബി) | നടീൽ വസ്തുക്കളുടെയും മറ്റു കാർഷികോൽപ്പാദനോപാധികളുടെയും സംഭരണം സർക്കാർ ഫാമുകൾ, കാർഷിക കർമ്മസേന, അഗ്രോ സർവീസ് സെന്റർ, ബ്ലോക്ക് പഞ്ചായത്ത് നഴ്സറികൾ, വി.എഫ്.പി.സി.കെ., കെയ്കോ, റെയ്ഡ്കോ തുടങ്ങിയ ഏജൻസികളിലൂടെയാണ് നടത്തിയത്.<br><br>സർക്കാർ സ്ഥാപനങ്ങളായ കാർഷിക സർവകലാശാല ഫാമുകൾ, കുടുംബശ്രീ, KSAMM, ബി.എം.എഫ്.സി., സർക്കാർ അംഗീകൃത ഏജൻസികൾ ആയ കെയ്കോ, റെയ്ഡ്കോ, കൃഷി വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ നടത്തുന്ന വിവിധ ഏജൻസികളായ കർമ്മസേന, അഗ്രോ സർവീസ് സെന്ററുകൾ, ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ എന്നിവയിലൂടെ ആണ് വിതരണം നടത്തി വരുന്നത്. |
| (സി) | കർഷകരിൽ നിന്ന് നടീൽ വസ്തുക്കൾ ശേഖരിച്ചതിനുള്ള തുക വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ തിരുവനന്തപുരം ജില്ലയിൽ ഇപ്രകാരം എത്ര തുക കർഷകർക്ക് നൽകിയിട്ടുണ്ട്; വിശദമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിത്തുതേങ്ങകൾ സംഭരിച്ചതിനും ഫാമിലെ ആവശ്യങ്ങൾക്കായി കുരുമുളക് വള്ളികൾ വാങ്ങിയതിനുമായി കർഷകർക്ക് നൽകിയ തുകകളുടെ വിവരങ്ങൾ **അനുബന്ധം–7**-ൽ ചേർക്കുന്നു. കർഷകരിൽ നിന്ന് നടീൽ വസ്തുക്കൾ നേരിട്ട് സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – 1**

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1 | ഡ്രാഗൺ ഫ്രൂട്ട് | 1595 |
| 2 | സപ്പോട്ട | 30845 |
| 3 | റംമ്പുട്ടാൻ | 33035 |
| 4 | വെസ്റ്റ് ഇൻഡ്യൻ ചെറി | 10220 |
| 5 | മുള്ളാത്ത | 8400 |
| 6 | മുട്ടപഴം | 1275 |
| 7 | നെല്ലി | 8000 |
| 8 | കുടംപുളി | 7491 |
| 9 | പ്ലാവ് | 81404 |
| 10 | മാവ് | 136934 |
| 11 | റോസ് ആപ്പിൾ | 9000 |
| 12 | പേര | 69275 |
| 13 | ചാമ്പ | 36929 |
| 14 | ലെമൺ ഇനങ്ങൾ | 31795 |
| 15 | മാതളം | 37108 |
| 16 | പാഷൻ ഫ്രൂട്ട് | 80505 |
| 17 | ലവ് ലോലി | 150 |
| 18 | ടിഷ്യൂകൾച്ചർ വാഴ | 657724 |
| 19 | വാഴപ്പഴം | 154594 |
| 20 | ഞാലിപ്പൂവൻ | 26290 |
| 21 | പാളയൻതോടൻ | 2623 |
| 22 | റെഡ് ബനാന | 1212 |
| 23 | കമുക് | 627 |
| 24 | കസ്റ്റാർഡ് ആപ്പിൾ | 21170 |
| 25 | കറിവേപ്പില | 49728 |
| 26 | പപ്പായ | 79013 |
| 27 | ഓറഞ്ച് | 3600 |

**അനുബന്ധം - 2**

| ക്രമ നം. | ഘടകങ്ങൾ | ഭൗതിക ലക്ഷ്യം എണ്ണം/യൂണിറ്റ്) | | | |
|---|---|---|---|---|---|
| | | 2021-22 | 2022-23 | 2023-24 | 2024-25 |
| 1 | പച്ചക്കറി വിത്ത് പാക്കറ്റുകൾ (എണ്ണം) | 912871 | 501750 | 400000 | 200000 |
| 2 | പച്ചക്കറി തൈകൾ (എണ്ണം) | 2950000 | 1928520 | 868500 | 350000 |
| 3 | ഹൈബ്രിഡ് വിത്തുകൾ (എണ്ണം) | | | 200000 | 10000 |
| 4 | ഉയർന്ന വിളവ് നൽകുന്ന വിത്തുകൾ (High Yield Variety) (എണ്ണം) | | | 1000000 | |
| 5 | ഹൈബ്രിഡ് വിവിധ തരം തൈകൾ (എണ്ണം) | | | | 450000 |
| 6 | സ്ഥായിയായ പച്ചക്കറികൾ (എണ്ണം 15/രൂപ) | | 54000 | 84000 | 10000 |
| 7 | മൺചട്ടിയിൽ പച്ചക്കറി കൃഷി (എണ്ണം) | | 3676 | 880 | 600 |
| 8 | പരമ്പരാഗത പച്ചക്കറി കൃഷി (ha) | 4 | 5 | | 7 |
| 9 | പോഷകത്തോട്ടം (യൂണിറ്റ്) | 5838 | | | 7243 |

**അനുബന്ധം - 3**

| ഇനങ്ങൾ | വർഷം | | | |
|---|---|---|---|---|
| | 2021-22 | 2022-23 | 2023-24 | 2024-25 |
| നെടിയ ഇനം | 56901 | 103032 | 100194 | 105220 |
| കുറിയ ഇനം | 1063 | 1642 | 0 | 4297 |
| ഹൈബ്രിഡ് | 7911 | 2000 | 8755 | 8280 |

**അനുബന്ധം - 4**

| **ഉത്പാദനോപാധികൾ** | **വർഷം തിരിച്ചുള്ള കണക്ക്** | | | | **ആകെ (Kg)** |
|---|---|---|---|---|---|
| | **2021-22 (Kg)** | **2022-23 (Kg)** | **2023-24 (Kg)** | **2024-25 (Kg)** | |
| നെൽ വിത്ത് | 76549 | 104646 | 97044 | 81596 | 359835 |
| കുമ്മായം | 151687 | 227479 | 202411 | 140222 | 721799 |
| സെക്കന്ററി ആൻഡ് മൈക്രോ ന്യൂട്രിയന്റ്സ് | 3650 | 210 | 13490 | 25525 | 42875 |
| പൾസ് സീഡ് | 8.75 | 1001 | 2134 | 1570 | 4713.75 |
| മില്ലറ്റ് സീഡ് | 0 | 0 | 47 | 20 | 67 |

**അനുബന്ധം – 5**

| ക്രമ നം. | ഘടകങ്ങൾ | വിതരണം ചെയ്ത നടീൽ വസ്തുക്കളുടെ എണ്ണം | | | |
|---|---|---|---|---|---|
| | | **2021-2022** | **2022-23** | **2023-24** | **2024-25** |
| 1 | ഡ്രഗൺ ഫ്രൂട്ട് വിള വിസ്തൃതി വ്യാപനം | 135000 | 36000 | 12000 | 16098 |
| 2 | മാവ് വിള വിസ്തൃതി വ്യാപനം | 360 | 85 | 200 | 542 |
| 3 | പ്ലാവ് വിള വിസ്തൃതി വ്യാപനം | 3800 | 1300 | 600 | 860 |
| 4 | റംമ്പൂട്ടാൻ വിള വിസ്തൃതി വ്യാപനം | 1760 | 1840 | 1280 | 952 |
| 5 | പാഷൻ ഫ്രൂട്ട് വിള വിസ്തൃതി വ്യാപനം | 36300 | 0 | 12837 | 0 |
| 6 | മാങ്കോസ്റ്റീൻ വിള വിസ്തൃതി വ്യാപനം | 480 | 640 | 320 | 80 |
| 7 | കുടംപുളി വിള വിസ്തൃതി വ്യാപനം | 850 | 0 | 0 | 0 |
| 8 | ഞാവൽ വിള വിസ്തൃതി വ്യാപനം | 0 | 0 | 300 | 0 |
| 9 | കൊക്കോ വിള വിസ്തൃതി വ്യാപനം | 0 | 0 | 120 | 0 |
| 10 | കശുമാവ് വിള വിസ്തൃതി വ്യാപനം | 0 | 160 | 0 | 0 |
| 11 | കുരുമുളക് വിള വിസ്തൃതി വ്യാപനം | 29700 | 121572 | 46200 | 194870 |
| 12 | അവോക്കാഡോ വിള വിസ്തൃതി വ്യാപനം | 0 | 360 | 0 | 0 |

**അനുബന്ധം - 6**

| വർഷം | പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ (10 രൂപ/പായ്ക്കറ്റ്) | തുക (ലക്ഷം) | പച്ചക്കറി തൈകൾ (എണ്ണം) | തുക (ലക്ഷം) |
|---|---|---|---|---|
| 2022-23 | 500000 | 5 | 60300 | 1.5 |
| 2023-24 | 238800 | 2.39 | 140000 | 4.11 |
| 2024-25 | 116000 | 1.16 | 23334 | 7 |

**അനുബന്ധം - 7**

## വിത്തുതേങ്ങകൾ വാങ്ങിയതിന് കർഷകർക്ക് നൽകിയ തുകയുടെ വിവരങ്ങൾ (തുക)

| ക്രമ നം. ഫാമിന്റെ | ബ്ലോക്കിന്റെ പേര് | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|
| 1 | വാമനപുരം | 33530 | 49000 | 49350 |
| 2 | നെയ്യാറ്റിൻകര | 31500 | 39760 | 41720 |
| 3 | പാറശ്ശാല | 31500 | 47250 | 35770 |
| 4 | കഴക്കൂട്ടം | 19950 | 16450 | 18760 |
| 5 | നെടുമങ്ങാട് | 28140 | 48860 | 30730 |
| 6 | പള്ളിച്ചൽ | 31430 | 52710 | 50820 |
| 7 | പുളിമാത്ത് | 31500 | 35140 | 29050 |
| 8 | ആര്യങ്കോട് | 21630 | 56000 | 52710 |
| 9 | കാട്ടാക്കട | 30240 | 45150 | 15120 |
| 10 | ആറ്റിങ്ങൽ | 35000 | 56000 | 33740 |
| 11 | വർക്കല | 28000 | 43470 | 33740 |

## മാതൃവള്ളികൾ വാങ്ങിയതിന് കർഷകർക്ക് നൽകിയ തുകയുടെ വിവരങ്ങൾ (തുക)

| ക്രമ നം. | ഫാമിന്റെ പേര് | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|
| 1 | ബി.എൻ. പെരിങ്ങമ്മല | 472500 | 219796 | 210000 | 235600 |
| 2 | ഡി.എ.എഫ്. പെരിങ്ങമ്മല | 526890 | 198909 | 198000 | 264000 |